# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *786      17/07/2014 ൽ മറുപടിയ്ക്ക്

**കലോൽസവത്തിൽ എ ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. കെ. മുരളീധരൻ | | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സ്കൂൾ കലോൽസവത്തിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ ; | (എ) | സംസ്ഥാന സ്കൂൾ കലോൽസവത്തിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി 10,000/- രൂപ അനുവദിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ബി) | എങ്കിൽ എന്നു മുതലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി തുടങ്ങിയത്; | (ബി) | 2012-13 അദ്ധ്യയന വർഷം മുതൽ. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയെന്ന് വിശദമാക്കാമോ ; | (സി) | ഈ പദ്ധതി പ്രകാരം സംസ്ഥാന സ്കൂൾ കലോൽസവത്തിൽ 'എ' ഗ്രേഡ് നേടിയ 387 വിദ്യാർത്ഥികൾക്ക് 10,000/-രൂപ വീതം അനുവദിക്കുകയുണ്ടായി. |
| (ഡി) | ജില്ലാതല സ്കൂൾ കലോൽസവങ്ങളിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് കൂടി ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ